**ADFW/FIB/TVM/78/2022-J**

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.,
തിരുവനന്തപുരം-3,
തീയതി : 30/01/2023.

**ക്വട്ടേഷൻ നോട്ടീസ്**

2023 ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിൽ വെച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ അഭിമുഖ്യത്തിൽ "Value Chain Development in Agriculture" എന്ന ആശയത്തെ പ്രമേയമാക്കി **"വൈഗ 2023"** എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉൾപ്പെടുത്തി ഒരു കാർഷിക പരിപാടി നടത്തുന്നുണ്ട്. പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്കുവേണ്ടി 3m x 3m വലുപ്പത്തിൽ സ്റ്റാൾ തയ്യാറാക്കുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ **"പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ.പി.ഒ, തിരുവനന്തപുരം-3"** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ **06/02/2023 ന് ഉച്ചക്ക് 1 മണിയ്ക്ക്** മുമ്പായി സമർപ്പിക്കേണ്ടതാണ്. "ഞങ്ങളും കൃഷിയിലേക്ക്, കൃഷി ദർശൻ" എന്നീ ആശയങ്ങളും ഉൾകൊള്ളിച്ച് "വൈഗ 2023" ന്റെ ആശയമായ "Value Chain Development in Agriculture" നെ പ്രമേയമാക്കി **"വൈഗ 2023"** ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന ആശയങ്ങളുടേയും മത്യകകളുടേയും അടിസ്ഥാനത്തിലാണ് സ്റ്റാൾ സജ്ജീകരിക്കേണ്ടത്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാളിന്റെ മാതൃക (2 ഡി ഡ്രോയിംഗ്) കൂടി ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ **06/02/2023 ന് ഉച്ചയ്ക്ക് 3 മണിയ്ക്ക്** ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

**നിബന്ധനകൾ**

1) സ്റ്റാൾ നിർമ്മാണത്തിനുള്ള അടങ്കൽ തുക 99,000/- (എല്ലാ നികുതിയും ഉൾപ്പടെ) രൂപയാണ്
2) 3m x 3m വലുപ്പത്തിലുള്ള സ്റ്റാളാണ് തയ്യാറാക്കേണ്ടത്. **സ്റ്റാളിന്റെ വലുപ്പത്തിൽ** വ്യത്യാസം വരുന്ന പക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ **സ്റ്റാൾ സജ്ജീകരിക്കാൻ** കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
3) സ്റ്റാൾ നിർമ്മാണത്തിൽ ഹരിതചട്ടം കർശനമായും പാലിക്കേണ്ടതാണ്.
4) ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആശയങ്ങളും മാതൃകയും അനുസരിച്ചായിരിക്കും സ്റ്റാൾ തയ്യാറാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആഫീസിൽ നിന്നും ശേഖരിക്കേണ്ടതാണ്.

5) സ്റ്റാളിനുള്ളിൽ എൽ,ഇ.ഡി സംവിധാനവും, ടെലിവിഷൻ, സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കേണ്ടതാണ്.

6) ആറ് സോക്കറ്റ് വരുന്ന രീതിയിൽ പ്ലഗ് പോയിന്റുകൾ, ഫാൻ, അനുയോജ്യമായ ലൈറ്റിംഗ് ക്രമീകരണം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

7) സ്റ്റാൾ നിർമ്മാണത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, കാമ്പയിൻ ഓഫീസർ എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും കൂടാതെ ആവിശ്യപ്പെടുന്ന മാറ്റങ്ങളും ഭേദഗതികളും വരുത്തുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

8) ക്വട്ടേഷൻ നടപടികളുടെ ഏത് ഘട്ടത്തിലും കാരണം ബോധിപ്പിക്കാതെ ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് നിക്ഷിപ്ത മായിരിക്കും.

9) മറ്റ് സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM 695 003

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

Principal Information Officer
Farm Information Bureau
Kowdiar, Thiruvananthapuram-695 003

പകർപ്പ്:-

1) ഫാം ഇൻഫർമേഷൻ ബ്യൂറോ വെബ്സൈറ്റ്
2) ലോക്കൽ സർക്കുലേഷൻ
3) ഫാം ഇൻഫർമേഷൻ ബ്യൂറോ നോട്ടീസ് ബോർഡ്
4) സ്റ്റോക്ക്ഫയൽ